# കേരളസർവകലാശാല

നം.പി.ആർ.158/2023 തിരുവനന്തപുരം, തീയതി: 05/08/2023

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം
### എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സപ്ലിമെന്ററി അലോട്ട്മെന്റിലേക്ക് പുതിയ ഓപ്ഷൻസ് നൽകുന്നതിന് അവസരം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് എയ്ഡഡ് (Aided) കോളേജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് വഴി 2023 ആഗസ്റ്റ് 5 മുതൽ 10 വരെ പുതിയ ഓപ്ഷൻസ് നൽകാവുന്നതാണ്.

പുതുതായി ഓപ്ഷൻസ് നൽകുന്ന വിദ്യാർത്ഥികളെ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട സപ്ലിമെന്ററി അലോട്ട്മെന്റിലേക്ക് പരിഗണിക്കുകയുള്ളൂ. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവരും, നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത ശേഷം ഹയർ ഓപ്ഷൻ നിലനിർത്തിയവരും, അഡ്മിഷൻ എടുത്ത ശേഷം കോളേജിൽ നിന്നും ടിസി വാങ്ങിയവരും, പല ഘട്ടങ്ങളിൽ അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്തായവരും, കമ്മ്യൂണിറ്റി ക്വാട്ട അപേക്ഷ നൽകി അലോട്ട്മെന്റ് ലഭിക്കാത്തവരും ഉൾപ്പെടെ എല്ലാവരും പുതുതായി കമ്മ്യൂണിറ്റി ക്വാട്ട ഓപ്ഷൻസ് നൽകിയാൽ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട സപ്ലിമെന്ററി അലോട്ട്മെന്റിലേക്ക് പരിഗണിക്കുകയുള്ളൂ.

കമ്മ്യൂണിറ്റി ക്വാട്ട ഒഴിവുകൾ 2023 ആഗസ്റ്റ് 8 ന് വെബ്സൈറ്റിൽ പ്രസിദ്ധീ കരിക്കുന്നതാണ്.

### പരീക്ഷ

കേരളസർവകലാശാലയുടെ കാര്യവട്ടത്തെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ആറാം സെമസ്റ്റർ 2018 സ്കീം, ജൂൺ 2023 ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ചിന്റെ പ്രായോഗിക പരീക്ഷ 2023 ആഗസ്റ്റ് 7 മുതൽ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

കേരളസർവകലാശാല 2023 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ. (വിദൂരവിദ്യാഭ്യാസ വിഭാഗം – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തെ എട്ടാം സെമസ്റ്റർ 2018 സ്കീം, ജൂലൈ 2023 പ്രായോഗിക പരീക്ഷകൾ 2023 ആഗസ്റ്റ് 8 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 മാർച്ചിൽ വിജ്ഞാപനം ചെയ്ത ഒന്നാം സെമസ്റ്റർ ബി.വോക്ക് സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് ഡിഗ്രി കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ 2023 ആഗസ്റ്റ് 14 മുതൽ അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 മെയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ 2023 ആഗസ്റ്റ് 11, 14 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ ഒന്ന്, മൂന്ന് സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം./ബി.എച്ച്.എം.സി.റ്റി.) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 സെപ്റ്റംബർ 11 ന് ആരംഭിക്കുന്ന പത്താം സെമസ്റ്റർ ബി.എഫ്.എ. (എച്ച്.ഐ.) പെയിന്റിംഗ് ആന്റ് അപ്ലൈയ്ഡ് ആർട്സ് (2013 സ്കീം), ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 സെപ്റ്റംബർ 15 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എഫ്.എ. പെയിന്റിംഗ്/സ്കൾപ്ച്ചർ ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഗ്രൂപ്പ് ഡിസ്കഷനും ഇന്റർവ്യൂവും

കേരളസർവകലാശാലയുടെ എം.എസ്.ഡബ്ല്യു/എം.എസ്.ഡബ്ല്യു. (ഡി.എം.)/എം.എ.എച്ച്.ആർ.എം. അഡ്മിഷനു വേണ്ടിയുള്ള പൊതുപ്രവേശന പരീക്ഷയുടെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട കുട്ടികൾക്ക് പ്രോസ്പെക്ടസിൽ പറയുന്ന 6 കോളേജുകൾ കൂടാതെ പാളയംകുന്ന് സി.എച്ച്.എം.എം. കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ എം.എസ്.ഡബ്ല്യു. അഡ്മിഷന് വേണ്ടി നടത്തുന്ന ഗ്രൂപ്പ് ഡിസ്കഷനും ഇന്റർവ്യൂവിനും അപേക്ഷിക്കാവുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**